<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3124</u> <u>01-03-2023 - ൽ മറുപടിയ്ക്ക്</u>

<u>പീരുമേട് താലൂക്കിലെ കൊക്കയാർ, ഏന്തയാർ പാലങ്ങളുടെ പുനർനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബർ 16ലെ പ്രളയത്തിൽ പീരുമേട് താലൂക്കിലെ കൊക്കയാർ പഞ്ചായത്തിൽ തകർന്ന കൊക്കയാർ, ഏന്തയാർ പാലങ്ങൾ പുനർനിർമ്മിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2021 ഒക്ടോബർ 16-ാം തീയതിയിലെ പ്രളയത്തിൽ തകർന്ന പീരുമേട് താലൂക്കിലെ കൊക്കയാർ പാലം, ഏന്തയാർ പാലം എന്നിവ പുനർനിർമ്മിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. അവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുവാൻ ഭരണാനുമതി നൽകുന്നതിന് കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | 2018 മുതൽ 2022 ജൂലൈ മാസം വരെയുള്ള കാലയളവിനിടയ്ക്ക് കേരളത്തിലുണ്ടായ കാലവർഷ കെടുതിയിൽ തകർന്ന പാലങ്ങളുടെ എണ്ണവും പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (സി) | 2018 മുതൽ 2022 ജൂലൈ മാസം വരെയുള്ള കാലയളവിൽ കേരളത്തിലുണ്ടായ കാലവർഷ കെടുതിയിൽ 29 പാലങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അവയിൽ 10 പാലങ്ങളുടെയും, അവയുടെ അപ്രോച്ച് റോഡുകളുടെയും കേടുപാടുകൾ പരിഹരിക്കുകയും, 4 പാലങ്ങളുടെ പുനർനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 10 പാലങ്ങളുടെയും, അവയുടെ അപ്രോച്ച് റോഡുകളുടെയും കേടുപാടുകൾ ഇനിയും പരിഹരിക്കേണ്ടതായുണ്ട്. 5 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുണ്ട്. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പട്ടികയായി തയ്യാറാക്കിയത് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ